"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - 'കുന്നംകുളം മാസ്റ്റർ പ്ലാൻ-2035'-ന് കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റ് 2016, സെക്ഷൻ 36(8),38(1) പ്രകാരവും, 2021-ലെ കേരള നഗര-ഗ്രാമാസൂത്രണ (മാസ്റ്റർപ്ലാൻ രൂപീകരണവും അനുമതി നൽകലും) ചട്ടങ്ങളുടെ ചട്ടം 22 പ്രകാരവും അന്തിമ അനുമതി നല്കി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ആർ.ഡി ) വകുപ്പ്**

സ.ഉ.(കൈ) നം.97/2026/LSGD തീയതി,തിരുവനന്തപുരം, 01-06-2026

---

പരാമർശം:-

1. G.O(Ms)No.273/2022/LSGD, തീയതി 17/12/2022.
2. കുന്നംകുളം നഗരസഭ കൗൺസിലിന്റെ 10/01/2023-തീയതിയിലെ 18/1-ാം നമ്പർ തീരുമാനം.
3. 20/01/2023 തീയതിയിലെ ഗസറ്റ് വിജ്ഞാപനം നമ്പർ 252, വാല്യം XII
4. കുന്നംകുളം നഗരസഭ കൗൺസിലിന്റെ 08/01/2025-തീയതിയിലെ 2/10-ാംനമ്പർ തീരുമാനം
5. കുന്നംകുളം നഗരസഭ കൗൺസിലിന്റെ 20/09/2025-തീയതിയിലെ 10/01-ാംനമ്പർ തീരുമാനം
6. കുന്നംകുളം നഗരസഭ സെക്രട്ടറിയുടെ 19/12/2025-ലെ E2-4154851-25 നമ്പർ സർക്കാർ കത്ത്.
7. ചീഫ് ടൗൺ പ്ലാനർ (പ്ലാനിംഗ് )-ടെ 9/03/2026 തീയതിയിലെ LSGD/PD/17741/2023-TCPB4നമ്പർ കത്ത്.

**ഉത്തരവ്**

കുന്നംകുളം മാസ്റ്റർ പ്ലാനിന് പരാമർശം (1) സർക്കാർ ഉത്തരവ് പ്രകാരം പ്രസിദ്ധീകരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. തുടർന്ന്, 2021-ലെ കേരള നഗര-ഗ്രാമാസൂത്രണ (മാസ്റ്റർ പ്ലാനിന്റെ രൂപീകരണവും അനുമതി നൽകലും) ചട്ടങ്ങൾ പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതിന് കുന്നംകുളം നഗരസഭ കൗൺസിൽ പരാമർശം (2) പ്രകാരം തീരുമാനിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ മാസ്റ്റർപ്ലാനിന്മേലുള്ള ആക്ഷേപങ്ങളും നിർദ്ദേശങ്ങളും ക്ഷണിച്ചുകൊണ്ട് പരാമർശം (3) പ്രകാരം നഗരസഭ വിജ്ഞാപനം ചെയ്യുകയും രണ്ട്

മലയാള ദിനപത്രങ്ങളിൽ നോട്ടീസ് പ്രസിദ്ധീകരിക്കുകയുമുണ്ടായി. കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റ് 2016-ലെ സെക്ഷൻ 36(4) പ്രകാരം മാസ്റ്റർ പ്ലാനിന്മേലുള്ള ആക്ഷേപങ്ങളും അഭിപ്രായങ്ങളും സമയപരിധിക്കുള്ളിൽ (ഗസറ്റ് വിജ്ഞാപന തീയതി മുതൽ 60 ദിവസത്തിനുള്ളിൽ) ജനങ്ങളിൽ നിന്നും സ്വീകരിക്കുകയുണ്ടായി.

2. ജില്ലാ ആസൂത്രണ സമിതിയുടെ യോഗത്തിൽ മാസ്റ്റർ പ്ലാൻ ചർച്ച ചെയ്ത് അംഗീകരിക്കുകയും മാസ്റ്റർപ്ലാൻ സ്പെഷ്യൽ കമ്മിറ്റി, മാസ്റ്റർപ്ലാനിന്മേൽ ലഭിച്ചിട്ടുള്ള ആക്ഷേപങ്ങളും അഭിപ്രായങ്ങളും പരിശോധിച്ച് ഹിയറിംഗ് നടത്തുകയും, ഫാറം I-ൽ നഗരസഭ കൗൺസിലിന് സമർപ്പിക്കുകയും ചെയ്തിരുന്നു. ഫാറം I-ൽ ഉള്ള കൗൺസിൽ തീരുമാനങ്ങൾ കൂടാതെ പൊതുവായ ഭേദഗതി നിർദ്ദേശങ്ങൾ കൂടി ഉൾപ്പെടുത്തുന്നതിനും പരാമർശം (4), (5) പ്രകാരം നഗരസഭ കൗൺസിൽ തീരുമാനിച്ചിരുന്നു. ഫാറം-I ലെ സ്പെഷ്യൽ കമ്മിറ്റിയുടെ ശുപാർശയും, നഗരസഭാ കൗൺസിലിന്റെ തീരുമാനവും പ്രകാരമുള്ള പരിഷ്കരണങ്ങൾ ഉൾപ്പെടുത്തി തയ്യാറാക്കിയ മാസ്റ്റർ പ്ലാൻ കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റ് 2016 സെക്ഷൻ 36(7) പ്രകാരം കുന്നംകുളം നഗരസഭ സെക്രട്ടറി ഉചിത മാർഗേന പരാമർശം(6) പ്രകാരം അന്തിമ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്.

3. കുന്നംകുളം മാസ്റ്റർ പ്ലാൻ പ്രസിദ്ധീകരിച്ച്, പ്രസ്തുത മാസ്റ്റർ പ്ലാൻ ജില്ലാ പ്ലാനിംഗ് കമ്മിറ്റിയ്ക്ക് അയക്കുന്ന നടപടി മുതൽ അന്തിമമാക്കുന്നതു വരെയുള്ള നടപടിക്രമങ്ങൾ പാലിക്കുന്നതിന് കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റ്,2016 സെക്ഷൻ 36(5) മുതൽ 36(7) വരെയുള്ളവയിൽ നിഷ്കർഷിച്ചിട്ടുള്ള സമയക്രമം അധികരിച്ചിട്ടുള്ള സാഹചര്യത്തിൽ കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റ്,2016 സെക്ഷൻ 38(1) പ്രകാരമുള്ള സർക്കാരിന്റെ അനുമതി ആവശ്യമാണെന്ന് അറിയിച്ച് കുന്നംകുളം മാസ്റ്റർ പ്ലാനിന് അന്തിമ അംഗീകാരം നൽകുന്നതിന് ചീഫ് ടൗൺ പ്ലാനർ (പ്ലാനിംഗ്) പരാമർശം(7) പ്രകാരം ശിപാർശ ചെയ്തിരിക്കുന്നു.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കുന്നംകുളം മാസ്റ്റർ പ്ലാൻ അന്തിമമാക്കുന്നതിനുള്ള നടപടിക്രമങ്ങൾ പാലിക്കുന്നതിന് കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റ്,2016 സെക്ഷൻ 36(5) മുതൽ 36(7) വരെയുള്ളവയിൽ നിഷ്കർഷിച്ചിട്ടുള്ള സമയക്രമം അധികരിച്ചിട്ടുള്ള സാഹചര്യത്തിൽ, 'കുന്നംകുളം മാസ്റ്റർ പ്ലാൻ-2035'-ന് കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റ്, 2016 സെക്ഷൻ 38(1) പ്രകാരം അന്തിമ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനുപമ ടി വി ഐ എ എസ്
സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ (എൽ.എസ്.ജി.ഡി), തിരുവനന്തപുരം.
ചീഫ് ടൗൺ പ്ലാനർ (പ്ലാനിംഗ് ), തിരുവനന്തപുരം.

ജില്ലാ ടൗൺ പ്ലാനർ,തൃശ്ശൂർ.

സെക്രട്ടറി, കുന്നംകുളം നഗരസഭ.

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ.

കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

Signed by

Krishnakumar S

Date: 01-06-2026 16:43:49

സെക്ഷൻ ഓഫീസർ